## സാമ്പത്തിക സ്ഥിതിവിവക്കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി

തിരുവനന്തപുരം, തീയതി: 29-01-2011

വിഷയം:- ഡിഇഎസ്-ജീവനക്കാര്യം-തസ്തിക മാറ്റംവഴി ഉദ്യോഗക്കയറ്റം - പ്യൂൺ തസ്തികയിൽ നിന്നും സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിലേക്ക് ഉദ്യോഗകയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

പരാമർശം:- 1) സ.ഉ(പി) നം.78/78 ജിഎഡി തീയതി 31-7-1978, സ.ഉ.(പി) നം.9/2009/പ്ളാനിംഗ് തീയതി 20-2-2009.

2) ഈ ഓഫീസിലെ 7-12-2010 ലെ ഇഎ(1) 2010/2010 ഡിഇഎസ് നമ്പർ ഉത്തരവ്

3) എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, കോഴിക്കോട്, ഡെപ്യൂട്ടി ഡയറക്ടറുടെ 08-12-2010 ലെ ഇബി(1) 6026/10/ഡിഎസ് ഡി നമ്പർ കത്ത്.

4) എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, പാലക്കാട്, ഡെപ്യൂട്ടി ഡയറക്ടറുടെ 12-01-2011ലെ ഇ(2) 171/2011/ഡിഇഎസ് പി നമ്പർ കത്ത്.

### ഉത്തരവ് നം.ഇഎ (3) 2781/2009/ഡിഇഎസ്

ഈ വകുപ്പിൽ നിലവിലിരിക്കുന്ന സ്പെഷ്യൽ റൂൾസ് പ്രകാരം ലാസ്റ്റ്ഗ്രേഡ് തസ്തികയിൽ പ്രവൃത്തിയെടുക്കുന്ന ജീവനക്കാർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ (സ്പെഷ്യൽ റൂൾസിൽ പറഞ്ഞിരിക്കുന്ന പ്രകാരം) 10:1 അനുപാതത്തിൽ നേരിട്ടുള്ള നിയമനത്തിന് ആനുപാതികമായി തസ്തികമാറ്റം വഴി ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് പ്രകാരം നിലവിൽ സീനിയറായിട്ടുള്ള കൊയ്ലാണ്ടി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ പ്യൂൺ ശ്രീ.പി.കെ.ദിനേശന് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിൽ തസ്തികമാറ്റം വഴിയുള്ള ഉദ്യോഗകയറ്റത്തിന് അർഹതയുണ്ട്. ഉദ്യോഗകയറ്റം ലഭിക്കുമ്പോൾ കോഴിക്കോട് ജില്ലയിൽ നിയമിക്കണമെന്ന് ടിയാൻ ഓപ്ഷൻ നൽകിയിട്ടുണ്ട്.

തസ്തികമാറ്റം വഴി ഉദ്യോഗകയറ്റം നൽകുവാനുള്ള ഒഴിവ് നിലവിൽ കോഴിക്കോട് ജില്ലയിൽ ഇല്ലായെന്നുള്ള വിവരം സൂചന (3) പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ കൊയിലാണ്ടി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ പ്യൂൺ ശ്രീ.പി.കെ.ദിനേശനെ തസ്തികമാറ്റം വഴി ഉദ്യോഗകയറ്റം നല്കി 5250-8390 രൂപ ശമ്പള സ്കെയിലിൽ പാലക്കാട് ജില്ലയിൽ ഒഴിവുള്ള സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു.

എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർ, ശ്രീ.പി.കെ.ദിനേശന് പാലക്കാട് ജില്ലയിൽ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് നല്കേണ്ടതും, ടി ഉത്തരവ് ലഭിക്കുന്ന മുറക്ക് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടർ ടിയാനെ വിടുതൽ ചെയ്യേണ്ടതുമാണ്. വിടുതൽ ചെയ്ത വിവരവും ജോലിയിൽ പ്രവേശിച്ച വിവരവും യഥാസമയം ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. കോഴിക്കോട് ജില്ലയിൽ തസ്തികമാറ്റം വഴി ഉദ്യോഗക്കയറ്റത്തിനുള്ള ഒഴിവ് നിലവിൽവരുന്നമുറക്ക് ശ്രീ.പി.കെ.ദിനേശന് ടി ജില്ലയിൽ നിയമനത്തിനുള്ള ഉത്തരവ് നൽകേണ്ടതും, ആയത് ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ശ്രീ.പി.കെ.ദിനേശൻ സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയവുമായി ബന്ധപ്പെട്ട ഓപ്ഷൻ ഒരുമാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

**ഒപ്പ്**
**ബി.രമാമ്മ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

ശ്രീ.പി.കെ.ദിനേശൻ
(നിയന്ത്രണാധികാരി മുഖേന)

പകർപ്പ്:-

1) ഡെപ്യൂട്ടി ഡയറക്ടർ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, കോഴിക്കോട്/പാലക്കാട്)
2) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം, ഡിഇഎസ്
(വെബ്സൈറ്റിൽ പ്രസിദ്ധീരിക്കുന്നതിന്)
3) എല്ലാ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാർക്കും
4) ഗ്രഡേഷൻ സെൽ
5) ഫയൽ / കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

Mini

**സീനിയർ സൂപ്രണ്ട്**